**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 80** | **10.06.2013 ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാസഹായം**

**ചോദ്യം**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന ചികിൽസാ സഹായങ്ങൾ ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ധനസഹായം വിതരണം ചെയ്യുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അത് പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇല്ലെങ്കിൽ സമയപരിധി നിശ്ചയിക്കുകയും വിതരണത്തിൽ വീഴ്ചവരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുമോ; വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. ഉമ്മൻ ചാണ്ടി**
**(ബഹു. മുഖ്യമന്ത്രി)**

(എ) ഉണ്ട്.

(ബി) ഉണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും, ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും, സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞ്കൊണ്ട് അനുവദിക്കുന്ന തുക ഉത്തരവു പുറപ്പെടുവിച്ചശേഷം, ഒരു മാസത്തിനകവും വിതരണം ചെയ്യണമെന്ന് സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

(സി) & (ഡി)

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും, ഫണ്ടിന്റെ അപര്യാപ്തതയും മൂലം ഉത്തരവു പുറപ്പെടുവിച്ചു കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ, കാലതാമസം നേരിടുന്നുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കാലതാമസം കൂടാതെ തുക വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം പാലിക്കപ്പെടാത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ.**